DISPATCHED ...08/06/2020

29/02/2020


**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**

**തിരുവനന്തപുരം_695 001**

**Tel: 0471 2561600/2561614/2561603/2332588, Fax: 0471 2330920**

Email: sic.ker@nic.in


**ഹർജി നമ്പർ AP.No.2401(4)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.7411/SIC-Gen 2/2015**

സന്നിഹിതൻ

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ബിനു വർഗ്ഗീസ്,
കൈപ്പിള്ളി പറമ്പിൽ ഹൗസ്,
ചെങ്ങാലൂർ പി.ഒ.,
തൃശ്ശൂർ – 680 312. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
പുതുക്കാട് ഗ്രാമപഞ്ചായത്ത് കാര്യാലയം,
പുതുക്കാട് പി.ഒ., തൃശ്ശൂർ – 680 301.

2. അപ്പീൽ അധികാരി &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്,
തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 05.03.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 21.03.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 02.05.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 19.06.2015 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 05.05.2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 07.05.2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ പുതുക്കാട് പഞ്ചായത്ത് 10–ാം വാർഡിൽ നിലവിലെ ഭരണ സമിതി നടത്തിയ വികസന പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ ചോദിച്ചതിന് 05.03.2015ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണു പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദ്ദേശപ്രകാരം ഒന്നാം എതിർകക്ഷിയായ പുതുക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 25.11.15ൽ കമ്മീഷനു നൽകിയ റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

"16.11.2013ലെ സ.ഉ.(എം.എസ്) നം. 362/2013 ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം പഞ്ചായത്തിൽ പദ്ധതികൾ വിഭാവനം ചെയ്യുന്നതും തയ്യാറാക്കുന്നതും വാർഡു തലത്തിലല്ല പഞ്ചായത്ത് തലത്തിലാണ്. അതിനാൽ പഞ്ചായത്തിൽ വാർഷിക പദ്ധതികൾ

സംബന്ധിച്ച രേഖകൾ വാർഡു തിരിച്ച് ക്രോഡീകരിച്ച് സൂക്ഷിച്ചു വരുന്നില്ല. മാത്രമല്ല പഞ്ചായത്തിൽ നടപ്പാക്കുന്ന പല പ്രവർത്തികളും അറ്റകുറ്റപ്പണികളും മറ്റു പദ്ധതികളും ഒന്നിലധികം വാർഡുകളിലായി വ്യാപിച്ചു കിടക്കുകയും ചെയ്യുന്നുണ്ട്. ആയതിനാലാണ് അപേക്ഷകന് ആവശ്യമുള്ള വിവരങ്ങൾക്കായി നടപ്പു ഭരണ സമിതിയുടെ കാലയളവിൽ നടത്തിയ മുഴുവൻ പദ്ധതികളുടെയും വിവരങ്ങൾ നൽകാമെന്ന് അപേക്ഷകനെ അറിയിച്ചത്.

പിന്നീട് അപേക്ഷകൻ നൽകിയ ഒന്നാം അപ്പീലിന്മേലുള്ള ഹിയറിംഗിൽ അപ്പീൽ അധികാരിയുടെ 19.06.15ന് ഇ–6–5855/2015(2) കെ.ഡിസ് ഉത്തരവു പ്രകാരം ശ്രീ. ബിനു വർഗീസ് (അപ്പീൽ ഹർജിക്കാരൻ) ആവശ്യപ്പെട്ട 10–ാം വാർഡിലെ വികസന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ചു നൽകിയിട്ടുള്ളതാണ്.''

3. ഒന്നാം എതിർകക്ഷിയുടെ റിപ്പോർട്ടിൽ പറയുന്നതനുസരിച്ച്, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് ഇതിനകം ലഭിച്ചു കഴിഞ്ഞിട്ടുണ്ടെന്ന് കമ്മീഷൻ കരുതുന്നു.

4. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് കമ്മീഷൻ ഉത്തരവാകുന്നു. ഇക്കാര്യത്തിൽ അപ്പീൽ ഹർജിക്കാരന് പരാതി അവശേഷിക്കുന്നുണ്ടെങ്കിൽ, ആയത് കമ്മീഷനെ അറിയിക്കുന്ന പക്ഷം, അതൊരു പരാതി ഹർജിയായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

5. മേൽപറഞ്ഞ പ്രകാരം ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 29–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.